**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5309** **12-08-2021 - ൽ മറുപടിയ്ക്ക്**

**അടച്ചുപൂട്ടിയ വ്യാപാരസ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് പ്രതിസന്ധി മൂലം എത്ര വ്യാപാരസ്ഥാപനങ്ങൾ അടച്ചു പൂട്ടിയിട്ടുണ്ട്; അതിൽ ചെറുകിടസ്ഥാപനങ്ങൾ എത്രയെന്നും വൻകിടസ്ഥാപനങ്ങൾ എത്രയെന്നുമുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് കോവിഡ് പ്രതിസന്ധി മൂലം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽപ്പെട്ട 77 സ്ഥാപനങ്ങൾ 2020 ജനുവരിക്ക് ശേഷം അടച്ചുപൂട്ടുകയോ ഉത്പാദനം ഗണ്യമായി കുറയ്ക്കുകയോ ചെയ്തിട്ടുണ്ട് വ്യാപാര മേഖലയ്ക്കായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നില്ലെങ്കിലും കോവിഡ് 19 കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ സഹായിക്കുന്നതിലേക്കായി വ്യവസായ ഭദ്രത പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. കൂടാതെ കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, COVID-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ റിവൈവൽ ആൻഡ് റിഹാബിലിറ്റേഷൻ സ്കീം ഫോർ ഡിഫൻക്റ്റ് എം.എസ്.എം.ഇ-യും കാഷ്യൂ പ്രോസസിങ് യൂണിറ്റ്സ് എന്ന പദ്ധതിയും നിലവിലുണ്ട്. സർക്കാർ ബഡ്ജറ്റിൽ വകയിരുത്തി നൽകുന്ന പ്രവർത്തന മൂലധന സഹായം കോവിഡ് മൂലമുണ്ടായ പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് സംസ്ഥാനത്തെ വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വളരെയധികം സഹായമായിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഇതിനായി 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ അടച്ചുപൂട്ടേണ്ടിവന്ന വ്യാപാരസ്ഥാപനങ്ങൾ തുറക്കുന്നതിന് എന്തെല്ലാം സഹായങ്ങൾ സർക്കാർ നൽകുന്നുണ്ടെന്ന് അറിയിക്കുമോ? | (ബി) | സംസ്ഥാനത്ത് കോവിഡ് പ്രതിസന്ധി മൂലം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽപ്പെട്ട 77 സ്ഥാപനങ്ങൾ 2020 ജനുവരിക്ക് ശേഷം അടച്ചുപൂട്ടുകയോ ഉത്പാദനം ഗണ്യമായി കുറയ്ക്കുകയോ ചെയ്തിട്ടുണ്ട് വ്യാപാര മേഖലയ്ക്കായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നില്ലെങ്കിലും കോവിഡ് 19 കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ |

| | | | |
|---|---|---|---|
| | | | സഹായിക്കുന്നതിലേക്കായി വ്യവസായ ഭദ്രത പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. കൂടാതെ കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, COVID-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ റിവൈവൽ ആൻഡ് റിഹാബിലിറ്റേഷൻ സ്കീം ഫോർ ഡിഫൻക്റ്റ് എം.എസ്.എം.ഇ-യും കാഷ്യൂ പ്രോസസിങ് യൂണിറ്റ്സ് എന്ന പദ്ധതിയും നിലവിലുണ്ട്. സർക്കാർ ബഡ്ജറ്റിൽ വകയിരുത്തി നൽകുന്ന പ്രവർത്തന മൂലധന സഹായം കോവിഡ് മൂലമുണ്ടായ പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് സംസ്ഥാനത്തെ വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വളരെയധികം സഹായമായിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഇതിനായി 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ